# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4885

5-2-2014-ൽ മറുപടിക്ക്

### വീടുകൾക്ക് നമ്പർ പ്ലേറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്: | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിലെ വീടുകൾക്ക് ഒരേ വലിപ്പത്തിലും രീതിയിലുമുള്ള നമ്പർ പ്ലേറ്റുകൾ സ്ഥാപിക്കണമെന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; | (എ) 20-10-2011-ലെ 2414/11/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിലെ വീടുകൾക്ക് 8.5 സെ.മീ. നീളവും 5.5 സെ.മീ. വീതിയും 0.3 മി.മീ. കനമുള്ളതും മഞ്ഞ പശ്ചാത്തലത്തിൽ കറുത്ത അക്ഷരത്തിലുമുള്ള നമ്പർ പ്ലേറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്. |
| (ബി) 23-2-2013-ൽ 492/2013 നമ്പരായി ഇതു സംബന്ധമായി എന്തെങ്കിലും ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;<br><br>(സി) എങ്കിൽ ആയത് നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ഏത് ഏജൻസി മുഖേന നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) & (സി)<br>സംസ്ഥാനത്തെ എല്ലാ വീടുകൾക്കും ഒരേ ആകൃതിയിലും വലിപ്പത്തിലും സൈസിലും ഏകീകരിച്ച ശാസ്ത്രീയമായി സംവിധാനം ചെയ്ത നമ്പർ പ്ലേറ്റ് പതിച്ചാൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലാഭകരവും ഗുണകരവും ആയിരിക്കുമെന്ന നിഗമനത്തിന്റെയും ഇന്ത്യയിലെ സംസ്ഥാനങ്ങളിലെ എല്ലാ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഏകീകരിച്ച രീതിയിലുള്ള നമ്പർപ്ലേറ്റ് പതിക്കണമെന്ന കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ |

നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കുടുംബശ്രീ മുഖാന്തിരം ഏകീകരിച്ച രീതിയിൽ നമ്പർ പ്ലേറ്റുകൾ പതിക്കുന്നതിന് 23-2-2013-ൽ 492/2013 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) കുടുംബശ്രീ മുഖേന ഈ പദ്ധതി എത്രയുംവേഗം നടപ്പിലാക്കുമോ എന്നറിയിക്കുമോ ?

(ഡി) ടി നിർദ്ദേശം എത്രയും വേഗം നടപ്പിലാക്കാൻ പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

---

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ കെട്ടിടങ്ങൾക്ക് ഒരേ മാതൃകയിലുള്ള നമ്പർ പ്ലേറ്റുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവുക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ)നം. 492/2013/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 23-2-2013

പരാമർശം :- 1) സ.ഉ.(സാധ)നം.315/2006/തസ്വഭവ, തീയതി 03/02/2006
2) കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ കാസർഗോഡ് ജില്ലാ കമ്മറ്റി സെക്രട്ടറിയുടെ അപേക്ഷ

## ഉത്തരവ്

സംസ്ഥാനത്തിലെ എല്ലാ വീടുകൾക്കും ഒരേ ആകൃതിയിലും വലിപ്പത്തിലും സൈസിലും ഏകീകരിച്ച്, ശാസ്ത്രീയമായി സംവിധാനം ചെയ്ത നമ്പർ പ്ലേറ്റ് പതിച്ചാൽ ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലാഭവും ഗുണകരവും ആയിരിക്കുമെന്ന നിഗമനത്തിന്റെയും ഇന്ത്യയിലെ സംസ്ഥാനങ്ങളിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഏകീകരിച്ച രീതിയിലുള്ള നമ്പർ പ്ലേറ്റ് പതിക്കണമെന്ന കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കുടുംബശ്രീ മുഖാന്തിരം ഏകീകരിച്ച രീതിയിൽ നമ്പർ പ്ലേറ്റുകൾ പതിക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ ടി ഉത്തരവ് നടപ്പിലാക്കിയിട്ടില്ല എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ പരാമർശം (1) ലെ ഉത്തരവ് എത്രയും പെട്ടെന്ന് നടപ്പിലാക്കാനുള്ളള അടിയന്തിര നടപടികൾ സ്വീകരിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ടി നിർദ്ദേശം നടപ്പിലാക്കി എന്ന് പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ആർ.സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.